# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം 5562 — 6.07.2012 -ൽ മറുപടിയ്ക്ക്

**നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിലെ നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. എ. വാഹിദ്** | **ശ്രീ. ഷിബു ബേബി ജോൺ**<br>(തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി) |
| (എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ, ഹെഡ് ക്ലാർക്ക് എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട് ; | (എ) ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികയിൽ 6 ഒഴിവ് നിലവിലുണ്ട്. ഹെഡ്ക്ലാർക്ക് തസ്തികയിൽ ഒഴിവ് നിലവിലില്ല. |
| (ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (ബി) ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ ആയി നിയമനം നൽകുന്നതിന് യോഗ്യരായവർ ഇല്ലാത്തതിനാൽ ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. യോഗ്യത നേടുന്ന മുറയ്ക്ക് ലിസ്റ്റ് തയ്യാറാക്കി നിയമനം നൽകുന്നതാണ്. അതോടൊപ്പം പ്രൊവിഷണൽ പ്രമോഷൻ നൽകി നിയമനം നൽകുന്ന കാര്യവും പരിശോധിച്ചു വരുകയാണ്. |
| (സി) ജോലി ക്രമീകരണ വ്യവസ്ഥയിൽ ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർമാരെ സ്ഥലം മാറ്റി നിയമിക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നും എത്രപേരെ ഈ ഉത്തരവ് പ്രകാരം നിയമിച്ചുവെന്നും വ്യക്തമാക്കുമോ? | (സി)എംപ്ലോയ്മെന്റ് വകുപ്പിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർമാരെ സ്ഥലം മാറ്റുന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ രണ്ട് ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർമാരേയും മാവേലിക്കര, നിലമ്പൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓരോ |

ജൂനിയർ എംപ്ലോയ്മെന്റ്
ഓഫീസർമാരെയും ജോലി ക്രമീകരണ
വ്യവസ്ഥയിൽ നിയമനം
നടത്തിയതായി എംപ്ലോയ്മെന്റ്
ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ